**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3933** **03-03-2023 - ൽ മറുപടിയ്ക്ക്**

**തേവൻകോട്ടിൽ പുതിയ ജയിൽ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ വിവിധ ജയിൽ സ്ഥാപനങ്ങളിൽ പാർപ്പിക്കാവുന്ന അന്തേവാസികളുടെ അംഗീകൃത ശേഷിയും നിലവിൽ പാർപ്പിച്ച് വരുന്ന അന്തേവാസികളുടെ എണ്ണവും ജയിൽ തിരിച്ച് അറിയിക്കാമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കാട്ടാക്കട പോലീസ് സബ് ഡിവിഷൻ കേന്ദ്രീകരിച്ച് ജയിൽ വകുപ്പിന്റെ കൈവശമുള്ള നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ ഭാഗമായുള്ള തേവൻകോട്ടിൽ പുതിയ ജയിൽ സ്ഥാപനം ആരംഭിക്കുന്നതിന് ജയിൽ വകുപ്പ് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഫയൽ നമ്പരും ഇതുവരെ സ്വീകരിച്ച നടപടിയും അറിയിക്കാമോ; | (ബി) | പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ് ലഭ്യമാക്കിയ പ്രൊപ്പോസൽ ബി2/27/2023/ ആഭ്യന്തരം ഫയലിൽ പരിശോധിച്ചുവരുന്നു.അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. സംസ്ഥാനത്ത് പുതിയ ജയിലുകൾ ആരംഭിക്കുന്ന കാര്യത്തിൽ നിലവിൽ ഒരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല. |
| (സി) | ജില്ലയിലെ വിവിധ ജയിൽ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ബാഹുല്യം കണക്കിലെടുത്ത് നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ ഭാഗമായുള്ള തേവൻകോടിൽ റിമാൻഡ് തടവുകാരെ പാർപ്പിക്കുന്നതിന് പുതിയ ജയിൽ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ; | (സി) | പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ് ലഭ്യമാക്കിയ പ്രൊപ്പോസൽ ബി2/27/2023/ ആഭ്യന്തരം ഫയലിൽ പരിശോധിച്ചുവരുന്നു.അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. സംസ്ഥാനത്ത് പുതിയ ജയിലുകൾ ആരംഭിക്കുന്ന കാര്യത്തിൽ നിലവിൽ ഒരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല. |
| (ഡി) | ജയിൽ വകുപ്പിന്റെ ദക്ഷിണ മേഖലയിലെ ഏതൊക്കെ സ്ഥലങ്ങളിലാണ് പുതിയ ജയിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ ഫയൽ നമ്പരും അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ? | (ഡി) | നെടുമങ്ങാട് നഗരസഭയുടെ അധികാര പരിധിയിൽപ്പെട്ട കാഞ്ചിക്കോട് ഭാഗത്ത് ഒരു സ്പെഷ്യൽ സബ് ജയിലും പത്തനംതിട്ട ജില്ലയിൽ ഒരു തുറന്ന ജയിലും ഒരു സ്പെഷ്യൽ സബ് ജയിലും നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ തേവൻകോട് ഭാഗത്ത് ഒരു റൂറൽ ജില്ലാ ജയിലും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. അവയിൽ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല<br><br>**ഫയൽ നമ്പർ**<br><br>1) നെടുമങ്ങാട് സ്പെഷ്യൽ സബ് ജയിൽ- ബി2/530/2018/ആഭ്യന്തരം |

| | | | |
|---|---|---|---|
| | | | 2)പത്തനംതിട്ട ജില്ലയിൽ തുറന്ന ജയിൽ-ബി2/75/2020/ആഭ്യന്തരം<br><br>3)പത്തനംതിട്ട ജില്ലയിൽ സ്പെഷ്യൽ സബ് ജയിൽ -ബി2/1/2023/ആഭ്യന്തരം<br><br>4)തിരുവനന്തപുരം റൂറൽ ജില്ലാ ജയിൽ -ബി2/27/2023/ആഭ്യന്തരം |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമം നമ്പർ | ജയിലിന്റെ പേര് | അംഗീകൃതശേഷി | നിലവിലുള്ള എണ്ണം |
|---|---|---|---|
| 1 | സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം | 727 | 1212 |
| 2 | ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി | 412 | 285 |
| 3 | വനിത തുറന്ന ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം | 20 | 6 |
| 4 | വനിത ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം | 108 | 49 |
| 5 | ജില്ലാ ജയിൽ, തിരുവനന്തപുരം | 284 | 313 |
| 6 | സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം | 228 | 250 |
| 7 | സ്പെഷ്യൽ സബ് ജയിൽ, നെയ്യാറ്റിൻകര | 108 | 139 |
| 8 | സബ് ജയിൽ, ആറ്റിങ്ങൽ | 43 | 94 |